

25-11-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/11/2022.

1. കണ്ണൂർ ജില്ലയിലെ പിണറായി കൺവെൻഷൻ സെന്ററിൽ കൃഷിദർശൻ പരിപാടിയുമായി ബന്ധപ്പെട്ട് കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി(എ. ഐ എഫ് ) സ്റ്റാൾ ഒരുക്കിയിരിക്കുന്നത്. സ്റ്റാളിൽ നിന്നും വായ്പയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കർഷകർക്ക് നേരിട്ട് അറിയാൻ സാധിക്കും. എ. ഐ. എഫ് പദ്ധതിക്കായി ഒരു ലക്ഷം കോടി രൂപയാണ് ദേശീയതലത്തിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 2520 കോടി രൂപ കേരളത്തിനായി അനുവദിച്ചിട്ടുണ്ട്. 2033 വരെയാണ് പദ്ധതി കാലാവധി. ഈ കാലാവധിക്കുള്ളിൽ കർഷകർ, എഫ്. പി. ഒ കൾ, സ്വയം സഹായ സംഘങ്ങൾ, ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ, രജിസ്റ്റർ ചെയ്ത മറ്റു കർഷക കൂട്ടായ്മകൾ, മാർക്കറ്റിംഗ് കോ -ഓപ്പറേറ്റീവ് സൊസൈറ്റികൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, നാഷണൽ ഫെഡറേഷൻസ് ഓഫ് കോ-ഓപ്പറേറ്റീവ്സ് തുടങ്ങിയ ഗുണഭോക്താക്കൾക്ക് ഓൺലൈൻ പോർട്ടൽ മുഖേനയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ കേന്ദ്രങ്ങൾ, പാക്ക് ഹൗസ്, അടിസ്ഥാന ഗുണനിലവാര കേന്ദ്രങ്ങൾ, ശീതീകരണ ശൃംഖലകൾ, ലോജിസ്റ്റിക് സേവനങ്ങൾ, ഫലങ്ങൾ പാകമാകുന്നതിനുള്ള സംവിധാനങ്ങൾ, കൃഷി ആവശ്യത്തിനുള്ള ഡ്രോണുകൾ വാങ്ങുന്നതിന്, ഇ -മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള വിതരണ ശൃംഖല, ജൈവവളം നിർമ്മാണ യൂണിറ്റ് തുടങ്ങിയ പ്രോജക്കുകൾ ആരംഭിക്കുന്നതിന് വ്യക്തികൾക്കും വെർട്ടിക്കൽ ഫാമിംഗ്, എയറോപോണിക്സ്, ഹൈഡ്രോപോണിക്സ്, പോളി ഹൗസ്, ഗ്രീൻ ഹൗസ്, കൂൺകൃഷി എന്നീ പ്രോജക്കുകൾ തുടങ്ങുന്നതിന് കർഷക കൂട്ടായ്മകൾക്കും ഈ പദ്ധതിയുടെ കീഴിൽ വായ്പ ലഭ്യമാണ്. വായ്പ സംബന്ധമായ കാര്യങ്ങൾ കൂടുതൽ അറിയുന്നതിനായി ഈ മാസം 26 വരെ (നവംബർ 26) പിണറായി കൺവെൻഷൻ സെന്ററിൽ സജ്ജീകരിച്ച കർഷക അടിസ്ഥാന സൗകര്യ വികസന നിധിയുടെ സ്റ്റാൾ സന്ദർശിക്കാവുന്നതാണ്. kannur.aif@gmail.com എന്ന മെയിൽ വഴിയും ബന്ധപ്പെടാവുന്നതാണ്.

2. കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ സംസ്ഥാനത്തെ 30 തൊഴിൽരഹിതരായ കാർഷിക എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് കാർഷിക യന്ത്ര പ്രവർത്തനസേവനത്തിൽ 20 ദിവസത്തെയും സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തൊഴിൽരഹിതരായ ഓട്ടോമൊബൈൽ

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എഞ്ചിനീയറിംഗ്/ഡീസൽ മെക്കാനിക്/ മെക്കാനിക്ക് അഗ്രിക്കൾച്ചർ മെഷിനറി/ മെക്കാനിക്കൽ സർവീസിംഗ് ആന്റ് അഗ്രോ മെഷിനറി/ഫാം പവ്വർ എഞ്ചിനീയറിംഗ്/ മെക്കാനിക്ക് ട്രാക്റ്റർ എന്നീ ട്രേഡിൽ ഐ.റ്റി.ഐ/വി.എച്ച്.എസ്.ഇ കോഴ്സ് പാസായവരിൽ നിന്നും തെരെഞ്ഞടുക്കുന്ന 20 പേർക്ക് കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെയും പരിശീലനം നടത്തുന്നു. താൽപര്യമുളളവർ **ഡിസംബർ 05** നു വൈകിട്ട് 5 മണിക്ക് മുമ്പായി കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷന്റെ spokksac1@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷകൾ അയയ്ക്കേണ്ടതാണ്. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും മിഷന്റെ **8281200673** എന്ന വാട്ട്സാപ്പ് നമ്പരിലൂടെ അല്ലെങ്കിൽ ഇ-മെയിൽ വഴി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

3. ആലപ്പുഴ ജില്ലയിലെ മണ്ണു പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡിസംബർ 5 ലോകമണ്ണ് ദിനാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പെയിന്റിംഗ്, ഉപന്യാസം എന്നീ ഇനങ്ങളിൽ മത്സരം നടത്തുന്നു. പെയിന്റിംഗ് മത്സരത്തിൽ യു.പി, ഹൈസ്കൂൾ വിഭാഗത്തിലുള്ള കുട്ടികൾക്കും ഉപന്യാസ മത്സരത്തിൽ യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിലുള്ള കുട്ടികൾക്കും മത്സരിക്കാവുന്നതാണ്. ചേർത്തല ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് ഈ മാസം **26**-നാണ് (നവംബർ 26) മ.ത്സരങ്ങൾ നടത്തുന്നത്. പങ്കെടുക്കാൻ താൽപര്യമുളളവർ ഇന്ന് (നവംബർ 25-ന്) വൈകുന്നേരം 4 മണിക്ക് മുമ്പായി പേര് ഓഫീസിന്റെ മെയിൽ മുഖാന്തിരമോ, ഫോൺ വഴി നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ആലപ്പുഴ ഇന്ദിരാ ജംഗ്ഷന് പടിഞ്ഞാറുവശം പ്രവർത്തിക്കുന്ന ജില്ലാ മണ്ണുപര്യവേക്ഷണ ഓഫീസുമായോ (**0477-2236293**), മേഖലാ മണ്ണ് പരിശോധനാ ലാബുമായോ (**0477 2236294**), ആലപ്പുഴ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ മണ്ണ് സംരക്ഷണ ഓഫീസുമായോ (**0477 2254927**) ബന്ധപ്പെടാവുന്നതാണ്.

4. മൃഗസംരക്ഷണ വകുപ്പിന്റെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയിൽ 2021-22 ൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും MPLAD ഫണ്ട് ഉപയോഗിച്ച് വാങ്ങിയ വെറ്ററിനറി ആംബുലൻസിന്റെ ഫ്ളാഗ് ഓഫും മൃഗസംരക്ഷണ ക്ഷീരവികസന മൃഗശാല വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിച്ചു. മൃഗങ്ങൾക്കും ഉടമസ്ഥർക്കും വിശ്രമിക്കുവാനുള്ള

വിസിറ്റേഴ്സ് ലോഞ്ച്, ഫാർമസി ബില്ലിംഗ് റൂം, ഡയാലിസിസ് വിഭാഗം, നിയോനേറ്റൽ ഇൻകുബേറ്റർ, ഓട്ടോക്ലേവ് ചെയ്യാവുന്ന ഓർത്തോപീഡിക് ഡ്രിൽ സെറ്റ്, വെന്റിലേറ്ററോടുകൂടിയ മെഡിക്കൽ ഗ്യാസ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് ലൈൻ സിസ്റ്റം വലിയ മൃഗങ്ങൾക്കായി നവീകരിച്ച വിഭാഗം, ഓട്ടോമേറ്റിക് സിറം അനലൈസർ, യൂറിൻ അനലൈസർ എന്നിവ ഉൾപ്പെടുന്നു.

5. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലേക്കുള്ള 2022-23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ വിജ്ഞാപനവും, യോഗ്യത, അപേക്ഷാ ഫീസ് മുതലായവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസും www.admissions.kau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **ഡിസംബർ 06** (06/12/2022).

## പരിശീലന പരിപാടികൾ

6. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി **'പഴം - പച്ചക്കറി സംസ്കരണത്തിൽ പാക്കേജിന്റെ പ്രാധാന്യം'** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് (29.11.2022 ന്) നടത്തുന്നു. 500 രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 25 പേർക്കാണ് പ്രവേശനം നൽകുന്നത്. താൽപര്യമുള്ളവർ ആഫീസ് സമയങ്ങളിൽ **9447281300** എന്ന ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 29-ന് ടർക്കി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ പരിശീലനം** സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **04829 234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.